**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **01-02-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിലെ അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിൽ റേഷൻ കടകൾ മുഖേന പുഴക്കലരി, മട്ടയരി എന്നിവ വിതരണം ചെയ്യാതെ പച്ചരി മാത്രം വിതരണം ചെയ്യുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | 2022 ഒക്ടോബർ മാസം മുതൽ എഫ്.സി.ഐ യിൽ നിന്ന് ആവശ്യകതയെക്കാൾ കൂടുതൽ പച്ചരി ലഭ്യമാകുകയും പുഴക്കലരി ആവശ്യാനുസരണം ലഭ്യമാകാത്തതുമായ സാഹചര്യം നിലവിലുണ്ട്. 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിൽ എഫ്.സി.ഐ യിൽ നിന്ന് പച്ചരി മാത്രമാണ് ലഭ്യമായത്. ഇപ്രകാരം പച്ചരിയുടെ അനുപാതം കൂടുതലായതിനാലാണ് പച്ചരി മാത്രം വിതരണം നടത്തിയിട്ടുള്ളത്. എഫ്.സി.ഐ യിൽ നിന്ന് പുഴക്കലരി കൂടുതൽ ലഭ്യമാകുന്നത് വരെ ഇതേ നില തുടരേണ്ടി വരുന്നതാണ്. എന്നാൽ നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന സി.എം.ആർ.അരിയുടെ ലഭ്യതയ്ക്കനുസരിച്ച് മട്ടയരി വിതരണം നടത്തിവരുന്നുണ്ട്. |
| (ബി) | ഇപ്രകാരം പച്ചരി മാത്രം വിതരണം ചെയ്യാൻ തുടങ്ങിയിട്ട് എത്ര മാസമായെന്നും ഇതേ നിലയിൽ ഇനിയും തുടരേണ്ടി വരുമോയെന്നും അറിയിക്കാമോ; | (ബി) | ക്ലോസ് (എ)യുടെ ഉത്തരം കണ്ടാലും. |
| (സി) | പ്രസ്തുത താലൂക്കിലെ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഏതുതരം അരിയാണ് നിലവിൽ വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ; ഇതിനുള്ള വിഹിതം എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ; | (സി) | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിക്കുന്ന A-Grade Boiled (Fortified) അരിയാണ് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഉച്ചഭക്ഷണം നൽകുന്നതിനായി വിതരണം ചെയ്തു വരുന്നത് |
| (ഡി) | പ്രസ്തുത താലൂക്കിലെ റേഷൻ വിഹിതത്തിന്റെ പകുതിയെങ്കിലും പുഴക്കലരിയും മട്ടയരിയും റേഷൻ കടകൾ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പുഴക്കലരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായ് എഫ്.സി.ഐയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചെങ്കിലും പുഴക്കലരി ലഭ്യമാകുന്നില്ലായെന്ന് അറിയിപ്പ് ലഭിക്കുകയുണ്ടായി. കൂടുതൽ പുഴക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന സി.എം.ആർ.അരിയും |

| | | | |
|---|---|---|---|
| | | | ലഭ്യതയ്ക്കനുസരിച്ച് പരമാവധി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ